**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3477 18.02.2013 - ൽ മറുപടിയ്ക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം</u>

ചോദ്യം ഉത്തരം

ശ്രീമതി കെ.എസ്. സലീഖ **ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഭരണപരവും നേതൃപരവുമായ പരിചയമില്ലായ്മ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെയെല്ലാം അട്ടിമറിക്കുന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ പദവിയിൽ, പേരെടുത്ത സാമൂഹിക ശാസ്ത്രജ്ഞനോ, ഐ.എ.എസ്. ഉദ്യോഗസ്ഥനോ ആയിരിക്കണമെന്ന് നിയമാവലിയിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ നിയമിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടർക്ക് പ്രസ്തുത നിയമാവലിയിലെ യോഗ്യതകളുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. ഇപ്പോൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പൂർണ്ണ അധികചുമതല വഹിച്ചു വരുന്നയാൾ വിവിധ കാലയളവിൽ കോഴിക്കോട് മെഡിക്കൽ കോളേജ്, ഐ.എം.സി.എച്ച്-ൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികകളിൽ സേവനമനുഷ്ടിച്ച് ഭരണപാടവം തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. |
| (സി) | 2012 ഫെബ്രുവരി മുതൽ ഡിസംബർ 31 വരെ 259 ദിവസങ്ങളിൽ ഇപ്രകാരം നിയോഗിച്ച എക്സിക്യൂട്ടീവ് ഡയറക്ടർ എത്ര ദിവസം മിഷന്റെ ഓഫീസിൽ ഹാജരായി; ഇപ്രകാരം ഹാജരാകുന്നതിൽ വീഴ്ച വരാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കാലയളവിൽ എക്സിക്യൂട്ടീവ് ഡയറക്ടർ 121 ദിവസം തിരുവനന്തപുരത്തെ മിഷന്റെ ആസ്ഥാന ഓഫീസിൽ ഹാജരായിട്ടുണ്ട്. 16 ദിവസം മിഷന്റെ പദ്ധതി നിർവ്വഹണം സംബന്ധിച്ച യാത്രകളിലായിരുന്നു. 114 ദിവസം കോഴിക്കോട് മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ഡിപ്പാർട്ടുമെന്റിൽ ഹാജരായിട്ടുണ്ട്. |
| (ഡി) | ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മാരകരോഗബാധിതരായ കുട്ടികൾ, ശയ്യാവലംബരായവർ, വൃദ്ധർ, നിരാലംബരായ | (ഡി) | നിലവിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടാതെ സ്നേഹപൂർവ്വം പദ്ധതി കൂടുതൽ വിഭാഗം കുട്ടികളിലേക്ക് വ്യാപിപ്പിക്കുക, കുട്ടി |

| | | | |
|---|---|---|---|
| | സ്ത്രീകൾ എന്നിവരുടെ ക്ഷേമ ത്തിനും കഴിഞ്ഞ സർക്കാർ രൂപീകരിച്ച് മാതൃകാപരമായി പ്രവർത്തിച്ചിരുന്ന സാമൂഹ്യസു രക്ഷാമിഷനെ പൂർവ്വാധികം ഭംഗിയായി നടത്താൻ ആവശ്യ മായ നടപടികൾ സ്വീകരി ക്കുമോ; വിശദാംശം വ്യക്തമാ ക്കുമോ? | | കളെ ഉത്തമ പൗരന്മാരായി വളർത്തി നാളെയുടെ വാഗ്ദാനങ്ങളാക്കേണ്ട കടമ സമൂഹത്തിനെ ബോധ്യപ്പെടു ത്തുന്നതിനായി തുടക്കം കുറിച്ച Our Responsibility to children, ഡയാലിസിസ് നടത്തുന്ന വൃക്ക രോഗികൾക്ക് പെൻഷൻ തുടങ്ങിയ നിരവധി പുതിയ പദ്ധതികൾ ഏർപ്പെടുത്തിക്കൊണ്ട് മിഷന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗി യായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

R. Vijayesh

സെക്ഷൻ ഓഫീസർ